**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4000 — 18/10/2011ൽ മറുപടിയ്ക്ക്

## ഇ - ജില്ലാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.എം.എ.വാഹീദ് :<br>ശ്രീ.കെ.അച്ചുതൻ : | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി ) |
| (എ) ഇ-ജില്ലാ പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണ് ; | (എ) | വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ അക്ഷയ പോലുള്ള പൊതുജനസേവന കേന്ദ്രങ്ങളിൽ കൂടി നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജന സൗകര്യാർത്ഥം വിതരണം ചെയ്യുന്ന പ്രവർത്തിയാണ് ഇപ്പോൾ നടത്തി വരുന്നത്. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമാവും വിധത്തിൽ തൊട്ടടുത്ത അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും, അവിടെ നിന്നു തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതുമാണ്. പരമാവധി സുതാര്യവും അഴിമതിരഹിതവുമായ ഒരു നടപടി ക്രമമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് |
| (ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട് ; | (ബി) | പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) ബാക്കി ജില്ലകളിൽ ഇത് നടപ്പിലാക്കാനുള്ള പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; | (സി) | കേന്ദ്രസർക്കാരിന്റെ അംഗീകാരം ഐ.റ്റി.മിഷന് ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ഡി) | പൊതുജനസൗകര്യാർത്ഥം നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അതിനായി വില്ലേജാഫീസുകളുടെ ശാക്തീകരണം അത്യന്താപേക്ഷിതമാണ്. ആയതിനുള്ള ശ്രമങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം പ്രസ്തുത പദ്ധതിയിൻ കീഴിൽ നടപ്പാക്കുമോ ? | (ഇ) | സംസ്ഥാനമൊട്ടാകെ ഇ-ജില്ലാ പദ്ധതി നടപ്പിൽ വരുന്നതോടുകൂടി എല്ലാ വില്ലേജാഫീസുകളിലും കമ്പ്യൂട്ടർ വഴിയുള്ള സേവനം ലഭ്യമായി തുടങ്ങും. അതോടുകൂടി വില്ലേജ് ആഫീസ് കമ്പ്യൂട്ടർവൽക്കരണം ഒരു പരിധി വരെ സാക്ഷാത്ക്കരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ